# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6694 01.11.2011 ൽ മറുപടിക്ക്

## വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) വാഹനാപകടങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (എ) അമിത വേഗതയും റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് പരിശീലനം, വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട് / നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തു വരുന്നു.<br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ |

സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ്, തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി അപകട സാധ്യത കുറയ്ക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല-മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല- അരൂർ ഭാഗത്ത് സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. വാഹന പരിശോധന ശക്തമാക്കുന്നതിന് വകുപ്പിൽ ഒരു എൻഫോഴ്സ്മെന്റ് വിംഗ് തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

കെ.എസ്.ആർ.ടി.സി.യിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും അത് നിരീക്ഷിക്കുന്നതിനുമായി ഒരു Accident Monitoring Committee രൂപീകരിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ന്റെ നേതൃത്വത്തിൽ പഠനം നടത്തിവരുന്നു. ഇതിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ അനാസ്ഥ കൊണ്ട് സംഭവിക്കുന്ന അപകടങ്ങളുടെ കാരണം മനസ്സിലാക്കുകയും പ്രസ്തുത ഡ്രൈവർമാരെ Accident Monitoring Committee മുമ്പാകെ ഹാജരാക്കി കൗൺസിലിംഗ് നടത്തിവരികയും ചെയ്യുന്നു. ഇതു കൂടാതെ, തിരുവനന്തപുരം, എറണാകുളം, എടപ്പാൾ എന്നീ സ്ഥലങ്ങളിലെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകളിൽ ഡ്രൈവർമാരെ അയച്ച് അപകടരഹിതമായി വാഹനം ഓടിക്കുന്നതിന് പരിശീലനവും നൽകി വരുന്നുണ്ട്.

| | |
|---|---|
| (ബി) ഇതിനായി വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (ബി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) ഉദ്യോഗസ്ഥരുടെ കുറവ് അപകടമൊഴിവാക്കുന്നതിന് തടസ്സമാകാറുണ്ടോ ; വിശദമാക്കുമോ ? | (സി) മോട്ടോർ വാഹന നിയമവും ചട്ടങ്ങളും റോഡു സുരക്ഷാ നടപടികളും കർശനമായി നടപ്പാക്കാൻ കഴിയാത്തതാണ് അപകടങ്ങൾക്കു കാരണമാകുന്നത്. വാഹന പരിശോധനകൾ നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരുടെ കുറവും ഒരു കാരണമാണ്. |

സെക്ഷൻ ഓഫീസർ